"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ആലപ്പുഴ ജില്ലാ കളക്ടറുടെ നടപടിക്രമത്തിനെതിരെ ശ്രീ.റോയ് തങ്കച്ചൻ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻസിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.683/2026/AGRI തീയതി,തിരുവനന്തപുരം, 25-07-2026

---

പരാമർശം:-

1. ആലപ്പുഴ ജില്ലാ കളക്ടറുടെ 23.5.2023 തീയതിയിലെ DCALP/10917/2022-C14 നമ്പർ നടപടിക്രമം.
2. ശ്രീ. റോയ് തങ്കച്ചൻ സമർപ്പിച്ച 16.06.203-ലെ റിവിഷൻ ഹർജി.
3. ആലപ്പുഴ ജില്ലാ കളക്ടറുടെ 10.09.2024 തീയതിയിലെ DCALP/10917/2022-14 നം. റിപ്പോർട്ട്.
4. 13.06.2025 തീയതിയിലെ ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ADFW/PAO/ALP 72/2024-TA3 നം. റിപ്പോർട്ട്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ സർവ്വേ നം.43/10-2, 43/10-3, 53/1, 53/1-2 എന്നീ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ബി.റ്റി.ആറിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമി അനധികൃതമായി തരം മാറ്റിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ പുറപ്പെടുവിച്ച പരാമർശം (1) നടപടിക്രമത്തിനെതിരെ ശ്രീ. റോയ് തങ്കച്ചൻ പരാമർശം (2) പ്രകാരം റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. ഹർജിക്കാരന്റെ വാദഗതികൾ ചുവടെ ചേർക്കും പ്രകാരമാണ്.

സർവ്വേ നമ്പർ 53/5-2 വസ്തു 2008 നു മുൻപേ നികന്നതും ഡേറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ആണ്. പ്രസ്തുത വസ്തുവിൽ താൻ മണ്ണിറക്കുകയോ നികത്തുകയോ ചെയ്തിട്ടില്ല. തന്റെ ഭാഗം കേൾക്കാതെയാണ് ജില്ലാ കളക്ടർ നടപടിക്രമം പുറപ്പെടുവിച്ചത്. മാവേലിക്കര മുൻസിഫ് കോടതിയിലെ OS No.33/13 നമ്പർ കേസിന്റെ തീർപ്പ് അനുസരിച്ച് 43/10 ൽ പെട്ട സ്ഥലത്താണ് വഴി രൂപപ്പെടുത്താനായി ഗ്രാവൽ നിരത്തിയത്. എതിർകക്ഷികൾ മുൻസിഫ് കോടതി ഉത്തരവ് പരിശോധിച്ചിട്ടില്ല.

3. പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ പരാമർശം (3) പ്രകാരം ജില്ലാ കളക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

"DCALP/10917/2022-C 14 നമ്പർ നടപടിക്രമത്തിനെതിരെ ശ്രീ. റോയ് തങ്കച്ചൻ

എന്നയാൾ സമർപ്പിച്ച റിവിഷൻ കേസിൽ കക്ഷിയ്ക്ക് നിയമപ്രകാരമുള്ള നോട്ടീസ് നൽകിയിട്ടുള്ളതാണ്. വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുന്നതിന് കക്ഷിയെ വിളിച്ചിരുന്നുവെങ്കിലും കക്ഷി ഹാജരായിരുന്നില്ല. സർവ്വേ 43/10-2, 43/10-3, 53/1, 53/1-2 എന്നിവ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും ബി.റ്റി.ആറിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

മാവേലിക്കര തഹസീൽദാരുടെ സി. 8-15939/2018 നമ്പരായുള്ള 31/03/2023 തീയതിയിലെ കത്ത് പ്രകാരം മാവേലിക്കര വില്ലേജിലെ ബ്ലോക്ക് 10 റീസർവ്വേ 43/10-2, 43/10-3, 53/1, 53/1-2, 53/5-2 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട നിലം 143 നമ്പർ തണ്ടപ്പേർ പ്രകാരം, റോയി തങ്കച്ചൻ, പോങ്ങുംമൂട്ടിൽ, രാജൻ നിലയത്ത്, ഈരേഴതെക്കും മുറി പെരിങ്ങാല എന്നയാളുടെ പേരിലാണെന്നും കൊച്ചിക്കൽ പാടശേഖരത്തിന്റെ ഭാഗമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ബഹു.ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ. 1042/2023- എൽ.ആർ.എ 1 നമ്പരായുള്ള സ്പഷ്ടീകരണത്തിൽ ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും വില്ലേജ് രേഖകൾ പ്രകാരം 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും നിലവിൽ കൃഷി ചെയ്യുന്നതോ തരിശിട്ടിരിക്കുന്നതോ ആയിരുന്നാലും ഭൗമപരമായി നിലത്തിന്റെ സ്വഭാവത്തോടെ തുടരുന്ന ഭൂമി അടിയന്തിരമായി എൽ.എൽ.എം.സി. കൂടി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും വ്യക്തത നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് സർവ്വേ 53/5-2ൽപ്പെട്ട ഭൂമി ഉത്തരവിൽ ഉൾപ്പെടുത്തിയത്.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008സെക്ഷൻ 12 (1) (എ) പ്രകാരം ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റത്തിൻമേൽ പരിശോധനയോ അന്വേഷണമോ നടത്തുന്നതിന് ആവശ്യമെന്ന് കരുതുന്ന പക്ഷം അദ്ദേഹം കരുതുന്ന പ്രകാരമുള്ള സന്നാഹത്തോടെ അതുമായി ബന്ധപ്പെട്ട ഏതു പരിസരത്തും അല്ലെങ്കിൽ ഏതും സ്ഥലത്തും പ്രവേശിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 സെക്ഷൻ 12 (4) പ്രകാരം ഈ വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഏതൊരു ഉദ്യോഗസ്ഥനും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സെർവന്റ് ആയി കണക്കാക്കപ്പെടാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പറഞ്ഞ വകുപ്പ് പ്രകാരമുള്ള പ്രവർത്തികൾ ഒഴികെ യാതൊരു നടപടികളും ഒ.എസ് 325/2022 -ലെ എതിർകക്ഷികൾ ടി കേസിലെ ഉത്തരവിന് വിരുദ്ധമായി യാതൊരു പ്രവ്യൃത്തിയും ചെയ്തിട്ടില്ലാത്തതാണ്.

മാവേലിക്കര മുൻസിഫ് കോടതിയുടെ ഒ.എസ്. 33/2013 നമ്പർ കേസിന്റെ തീർപ്പ് അനുസരിച്ച് റീസർവ്വേ 43/10-ൽ സ്ഥലത്ത് വഴി രൂപപ്പെടുത്തുന്നതിന് ഗ്രാവൽ നിരത്തിയിട്ടുള്ളതെന്നാണ് കക്ഷികൾ വാദിച്ചിട്ടുള്ളത്. എന്നാൽ ഉത്തരവ് പരിശോധിച്ചതിൽ കേസിലെ കക്ഷികൾ തമ്മിലുണ്ടാക്കിയ ഉടമ്പടിയനുസരിച്ച് കേസിൽ തീർപ്പ് കൽപ്പിക്കുകയാണ് ഉണ്ടായിട്ടുള്ളതെന്ന് കാണുന്നു.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 സെക്ഷൻ 3 (1) താഴെപ്പറയുന്നു. ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിയിലും അന്നു മുതൽക്കും ഏതെങ്കിലും നെൽവയലിന്റെ

ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ ഈ ആക്ടിലെ വ്യവസ്ഥകൾക്കനു സൃതമായല്ലാതെ പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പ്രവർത്തിയും ചെയ്യാൻ പാടുള്ളതല്ല.

ഈ കേസിൽ വഴിയ്ക്കായി നിലം പരിവർത്തനപ്പെടുത്തുന്നതിന് യാതൊരു അനുമതിയും കരസ്ഥമാക്കിയിട്ടില്ലാത്തതാണ്. ഈ കാര്യാലയത്തിലെ തന്നെ സി 14 /6243/18 നമ്പരായുള്ള നടപടിക്രമം അനുസരിച്ച് ശ്രീ.റോയ് തങ്കച്ചനെതിരെ നിലം നികത്തിയതിനെതിരെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഉത്തരവായിരുന്നതാണ്. ടി ഉത്തരവ് പ്രകാരം കക്ഷി നിലം പൂർവ്വസ്ഥിതിയിലാക്കുന്നതായി മാവേലിക്കര തഹസീൽദാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി വസ്തുവിൽ കക്ഷി വീണ്ടും മണ്ണ് നിക്ഷേപിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ശ്രീ. റോയ് തങ്കച്ചൻ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷ നിരസിച്ചുത്തരവാകണമെന്ന് ബോധിപ്പിക്കുന്നു. "

4. പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

"മാവേലിക്കര വില്ലേജിൽ ബ്ലോക്ക് 10-ൽ റീസർവ്വേ നം.43/10-2, 43/10-3, 53/1-2, 53/5-2 എന്നീ വസ്തു ടിയാന്റെ കൈവശത്തിൽ ഉള്ളതും കൊച്ചിക്കൽ പുഞ്ചയുടെ ഭാഗമായി വരുന്ന മേൽവിവരിച്ച സർവ്വേ നം. പ്രകാരമുള്ള വസ്തുക്കൾ ഒന്നായി കാണപ്പെടുന്നതിനാൽ സർവ്വേ നമ്പരുകൾ പ്രകാരം അതിർത്തി നിർണ്ണയിച്ച് നൽകണമെന്നാവശ്യപ്പെട്ട് മാവേലിക്കര തഹസീൽദാർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ നം.43/10-2ൽപ്പെട്ട 1.91 ആർസും 43/10-3 0.05 ആർസും അതിരുകൾ തിരിച്ചു നൽകിയിട്ടുണ്ട്. മേൽപ്പടി വസ്തുക്കൾ നികത്തുവസ്തുവായി കാണപ്പെടുന്നു. റീസർവ്വേ നം. 53/1-ൽപ്പെട്ട വസ്തുവിന്റെ പടിഞ്ഞാറുവശത്തായി കാലിത്തൊഴുത്തും ഒരു ചെറിയ കോൺക്രീറ്റ് കെട്ടിടവും കാണപ്പെടുന്നു. കിഴക്കതിര് T A കനാൽ കടന്നു പോകുന്നുണ്ട്. വസ്തുവിനുള്ളിൽ 24 തെങ്ങും 7 ആഞ്ഞിലി മരവും 4 ഇലഞ്ഞി മരവും തെക്ക് കിഴക്കായി അക്കേഷ്യമരക്കൂട്ടവും കാണുന്നു. റീസർവ്വേ നം. 43/10-2, 43/10-3 നമ്പരിലുള്ള നികത്ത് വസ്തു വഴിയായി ലാലു തങ്കച്ചൻ മണപ്പുറത്ത് വീട് കൂടാതെ രണ്ടുപേരും ഉപയോഗിച്ചു വരുന്നു. വഴിയ്ക്ക് വടക്കു വശം നിലവിൽ പുഞ്ചപ്പാട ശേഖരമാണ്. വഴിയ്ക്ക് തെക്കുവശത്തുള്ള നികത്ത് വസ്തുവിൽ തെങ്ങും തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്യുന്നു. "

5. പ്രസ്തുത റിവിഷൻ ഹർജി പരിശോധിക്കുന്നതിന്റെ ഭാഗമായി കക്ഷിക്ക് കൃഷിവകുപ്പ് അണ്ടർ സെക്രട്ടറി 30.7.2025 തീയതിയിൽ ഹിയറിങ്ങിന് അവസരം നൽകി. കക്ഷിക്ക് പുറമെ ആലപ്പുഴ LR ഡെപ്യൂട്ടി കളക്ടർ, കൃഷി ഓഫീസർ എന്നിവരും ഹിയറിങ്ങിൽ പങ്കെടുത്തു . തന്റെ സ്ഥലം തണ്ണീർത്തട നിയമം വരുന്നതിനു മുന്നേ നികന്നതാണെന്ന് കക്ഷി വ്യക്തമാക്കി. തണ്ണീർത്തട നിയമത്തിന്റെ ലംഘനം നടത്തിയതിനാൽ ആണ് സെക്ഷൻ 13 നടപടിക്രമം പുറപ്പെടുവിച്ചതെന്ന് കൃഷി ഓഫീസറും ഡെപ്യൂട്ടി കളക്ടറും അറിയിച്ചു. ഹർജിക്കാരന്റെ ഭൂമി പല സർവ്വേ നമ്പറുകളായി കിടക്കുന്ന ഒരു വലിയ ഭൂഭാഗമാണെന്നും അതിൽ ഒരു സർവ്വേ നമ്പറിലെ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്നും ആയതിനാൽ നിയമ ലംഘനത്തിന്റെ യഥാർത്ഥ ചിത്രം അറിയുന്നതിലേക്കായി മുഴുവൻ വസ്തുവിന്റെയും ഒരു സർവ്വേ നടത്തി പരിശോധിച്ചു തീരുമാനമെടുക്കുന്നത് ആകും ഉചിതം എന്ന് ഹീയറിംഗിൽ ഡെപ്യൂട്ടി കളക്ടർ അറിയിച്ചു.അതിൻ പ്രകാരം 45 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ആയതിൻപ്രകാരം **ആലപ്പുഴ ജില്ലാ കളക്ടർ താഴെപ്പറയും പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിച്ചു**.

"പ്രസ്തുത വസ്തു മുൻപ് അനധികൃതമായി നികത്തിയപ്പോൾ 23/07/2019-ലെ ഉത്തരവ് പ്രകാരം പൂർവ്വസ്ഥിതിയിലാക്കിയിരുന്നു. എന്നാൽ, നിലവിൽ ഈ ഭൂമിയിൽ വീണ്ടും ഗ്രാവലിട്ട് അനധികൃതമായി നികത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് 23/05/2023-ൽ ഈ ഓഫീസ് വീണ്ടും പൂർവ്വസ്ഥിതിയിലാക്കൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവിനെതിരെയാണ് കക്ഷി റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.റിവിഷൻ ഹർജിയിലെ 30/07/2025-ലെ ഹിയറിങ് നിർദ്ദേശപ്രകാരം താലൂക്ക് സർവ്വെയർ നടത്തിയ പരിശോധനയിൽ, റീസർവ്വെ നമ്പർ 43/10-ൽ ഉൾപ്പെട്ട 08.43 ആർസ് നിലം നികത്തിയതായി മാവേലിക്കര ഭൂരേഖ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പ്രസ്തുത വസ്തുവിലൂടെ 3.5 മീറ്റർ വീതിയുള്ള പൊതുവഴി കടന്നുപോകുന്നുണ്ടെന്നും, വസ്തുവിൽ ഒരു കാലിത്തൊഴുത്തും കോൺക്രീറ്റ് കെട്ടിടവും നിലവിലുണ്ടെന്നും കൃഷി ഫീൽഡ് ഓഫീസറുടെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. മേൽപ്പറഞ്ഞ തഹസിൽദാറുടെ വിശദമായ റിപ്പോർട്ട്, സർവ്വെ സ്കെച്ച്, കൃഷി ഓഫീസറുടെ റിപ്പോർട്ട് എന്നിവ ഇതോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്." വസ്തു സർവ്വേ ചെയ്തതിനുശേഷം ഉള്ള കൃഷി ഓഫീസറുടെ റിപ്പോർട്ടിൽ നിന്നും സർവ്വേ നമ്പർ 43/10-2,43/10-3എന്നീ സർവ്വേ നമ്പറിലുള്ളവസ്തുക്കളിൽ കൂടി മൂന്നര മീറ്റർ വീതിയിൽ വഴി ഉള്ളതായും ആയത് കക്ഷി ഉൾപ്പെടെ മൂന്ന് കുടുംബങ്ങൾ ഉപയോഗിച്ചുവരുന്നതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ ടി വസ്തുക്കളുടെ വടക്കുവശം പുഞ്ചപ്പാടശേഖരവും വഴിക്ക് തെക്കുവശം ടിയാന്റെ പേരിൽ തന്നെ ഉള്ളതും വസ്തുവിന്റെ പടിഞ്ഞാറുവശം ഒരു കാലിത്തൊഴുത്തും ഒരു കോൺക്രീറ്റ് കെട്ടിടവും കിഴക്കതിര് TA കനാലും കടന്നുപോകുന്നു. തെക്കേയറ്റം അക്കേഷ്യ മരക്കൂട്ടവും കാണപ്പെടുന്നു. വസ്തുവിൽ കായിഫലമുള്ള 24 തെങ്ങുകളും 7 ആഞ്ഞിലി മരങ്ങളും നാല് ഇലഞ്ഞി മരങ്ങളും കാണപ്പെടുന്നു എന്ന് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടുകളിൽ സർവ്വേ നമ്പർ തിരിച്ചുള്ള ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതും ഉൾപ്പെടാത്തതും ആയ വസ്തുക്കളുടെ ഡീറ്റെയിൽസ് ലഭ്യമല്ല. തന്റെ വസ്തുക്കൾ 2008 ന് മുമ്പ് നികന്നതാണെന്നും താൻനേരത്തെ സമർപ്പിച്ചിരുന്ന ഫോറം 5, ഫോറം 7 അപേക്ഷകൾ പരിഗണിച്ച് തരം മാറ്റി നൽകണമെന്നും കക്ഷി ഹിയറിങ് വേളയിൽ അഭ്യർത്ഥിച്ചിരുന്നു. KSREC റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ആയതിനാൽ 2008 ന് മുൻപുള്ള വസ്തുക്കളുടെ സ്ഥിതി അറിയാൻ കഴിഞ്ഞിട്ടില്ല. കൂടാതെ മാവേലിക്കര മുൻസിഫ് കോടതിയിലെ കേസിനെ സംബന്ധിച്ച് ഒരു വിശദാംശവും മലപ്പുറം ജില്ലാ കളക്ടറുടെ നടപടിക്രമത്തിൽ കാണുന്നുമില്ല.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സർക്കാരിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളുടേയും ഹിയറിംഗ് വേളിയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടേയും അടിസ്ഥാനത്തിൽ ശ്രീ.റോയി തങ്കച്ചൻ സമർപ്പിച്ച റിവിഷൻ ഹർജി പരിഗണിക്കാവുന്നതാണെന്ന് ബോധ്യപ്പെടുന്നു. ടിയാന്റെ വസ്തുക്കൾ വില്ലേജ് ഓഫീസറും കൃഷി ഓഫീസറും ഒരു സംയുക്ത പരിശോധന നടത്തി, KSREC റിപ്പോർട്ട് കൂടി പരിശോധിച്ച്, 2008 ന് മുൻപുള്ള വസ്തുവിന്റെ അവസ്ഥയും വ്യക്തമാക്കി, കൂടാതെ ഏതൊക്കെ സർവ്വേ നമ്പറുള്ള വസ്തുക്കളാണ് ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നുകൂടി കൃത്യമായി പരിശോധിച്ച്, ബഹു.മാവേലിക്കര മുൻസിഫ് കോടതിയുടെ ഉത്തരവും കൂടി ഇതിനൊപ്പം പരിശോധിച്ച്, അതിന്റെയൊക്കെ അടിസ്ഥാനത്തിൽ ടിയാൻ സമർപ്പിച്ചിട്ടുള്ള ഫോറം 5, ഫോറം 7 അപേക്ഷകളിൽ അന്തിമ തീരുമാനമെടുക്കാനും അതിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ 13 നടപടിക്രമം അന്തിമമാക്കാനും ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (2) പ്രകാരം ശ്രീ.റോയ് തങ്കച്ചൻ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഭിലാഷ് എസ്
അണ്ടർ സെക്രട്ടറി

1. ശ്രീ.റോയി തങ്കച്ചൻ, പോങ്ങുംമൂട്ടിൽ, രാജൻ നിലയത്ത്, ഈരേഴമുറി, പെരിങ്ങാല.
2. ജില്ലാ കളക്ടർ, ആലപ്പുഴ.
3. പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ.
4. കൃഷി ഫീൽഡ് ഓഫീസർ , മാവേലിക്കര, ആലപ്പുഴ.
5. വില്ലേജ് ഓഫീസർ,മാവേലിക്കര, ആലപ്പുഴ.
6. വിവരപൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (AGRI-NCA2/61/2024/AGRI.

ഉത്തരവിൻ പ്രകാരം

Digitally signed by
Salunath V S
Date: 25-07-2026
12:37:33

സെക്ഷൻ ഓഫീസർ